**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂൺ 30, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്

മി. സ്പീക്കർ: തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുകൾ സമയബന്ധിതമായും സുതാര്യമായും പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുന്നതിനുപകരം വാർഡ് വിഭജനമുൾപ്പെടെയുള്ള കാര്യങ്ങൾ നിഗൂഢമായി നടത്താനും തെരഞ്ഞെടുപ്പുതന്നെ അട്ടിമറിക്കാനും ഗവൺമെന്റിന്റെ ഭാഗത്തു നീക്കങ്ങൾ നടക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. ബാബു, സി.ടി. അഹമ്മദ് അലി, പി.സി. ജോർജ്, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്ക്): തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുകൾ സുതാര്യമായും സമയബന്ധിതമായും തെരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന സ്വതന്ത്രമായ പ്രക്രിയയിലൂടെയാണ് നടക്കുന്നത്. വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്നതും വാർഡ് വിഭജനം നടത്തുന്നതും കമ്മിഷനാണ്. ഇതുസംബന്ധിച്ച് നിലവിലുള്ള നിയമ വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം പൂർത്തിയായി ഇന്ന് പ്രസിദ്ധീകരിക്കുമെന്നാണ് കമ്മിഷൻ അറിയിച്ചത്. നാളെ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. വാർഡ് വിഭജനം പൂർത്തിയാക്കി വോട്ടർ പട്ടിക ക്രമീകരിക്കുന്നതിനു പകരം മുൻകൂട്ടി ഏതോ കേന്ദ്രങ്ങൾ തയ്യാറാക്കിയ പട്ടികയാണ് തെരഞ്ഞെടുപ്പ് കമ്മിഷൻ ജൂലൈ ഒന്നിന് പ്രസിദ്ധീകരിക്കാൻ പോകുന്നത് എന്നുപറയുന്നത് നിർഭാഗ്യകരമാണ്.

ശ്രീ. കെ ബാബു: കേരളത്തിൽ സ്വതന്ത്രമായ തെരഞ്ഞെടുപ്പ് നടത്താനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. തെരഞ്ഞെടുപ്പ് കമ്മിഷൻ വാർഡ് വിഭജന പട്ടിക ഇന്നും വോട്ടർ പട്ടിക നാളെയും പ്രസിദ്ധീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ത്രിതല പഞ്ചായത്തുകളിൽ സെപ്റ്റംബറിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ പോലും പൂർത്തിയായിട്ടില്ല. ജനാധിപത്യപരമായ തെരഞ്ഞെടുപ്പിന് സുതാര്യമായ നടപടികൾ സ്വീകരിക്കാതെ തെരഞ്ഞെടുപ്പ് കമ്മീഷൻ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം. പന്ത്രണ്ട് പഞ്ചായത്തുകളിലും രണ്ട് കോർപ്പറേഷനുകളിലും മൂന്നാർ, ഇടമലക്കുടി എന്നീ ഗ്രാമ പഞ്ചായത്തുകളിലും വാർഡ് വിഭജനത്തിന്റെ കരട് പോലും തയ്യാറായിട്ടില്ല. ഗ്രാമപഞ്ചായത്തുകളിലെ

ഡീ-ലിമിറ്റേഷൻ നടപടികൾ പൂർത്തിയാകാത്തതുകൊണ്ട് ചില പഞ്ചായത്തുകളിലെ അതിർത്തി നിർണ്ണയം ഇതുവരെ നടന്നിട്ടില്ല. 2001-ലെ സെൻസസ് ആണ് തെരഞ്ഞെടുപ്പിന് അടിസ്ഥാനമാക്കുന്നതെങ്കിൽ വാർഡ് വിഭജിക്കേണ്ട ആവശ്യമില്ല. ജനാധിപത്യ മര്യാദകൾ പാലിക്കാതെയാണ് വാർഡ് വിഭജനം നടത്തുന്നത്. തെരഞ്ഞെടുപ്പ് കമ്മിഷനെ സ്വതന്ത്രമായി പ്രവർത്തിക്കാനനുവദിക്കുന്നില്ല. നടപടിക്രമം വൈകിച്ച് വോട്ടർ പട്ടികയിൽ കൃത്രിമം നടത്തിയത് പരിശോധിച്ച് അതിന്മേൽ ആക്ഷനെടുക്കാതിരിക്കാനാണ് ഇലക്ഷൻ കമ്മീഷൻ ശ്രമിക്കുന്നത്. വോട്ടർ പട്ടിക തയ്യാറാക്കിയതിൽ കുറ്റകരമായ അനാസ്ഥയാണുണ്ടായിട്ടുള്ളത്. ഗുരുതരമായ ആക്ഷേപങ്ങൾ ഗൗരവമായി പരിശോധിക്കാനോ ന്യായമായി തീർപ്പ് കൽപ്പിക്കാനോ തെരഞ്ഞെടുപ്പ് കമ്മീഷൻ ഇതുവരെ തയ്യാറായിട്ടില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് വാർഡ് വിഭജനം പൂർത്തിയാക്കിയതിനെക്കാൾ അതുമായി താരതമ്യം ചെയ്യുമ്പോൾ ഒരുമാസം മുമ്പുതന്നെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേസ്സുകൾ നിലവിലുള്ളതുകൊണ്ടാണ് ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ വാർഡ് വിഭജനം പൂർത്തിയാക്കാൻ സാധിക്കാത്തത്. നേരത്തേ പ്രസിദ്ധീകരിച്ച ലിസ്റ്റിലുള്ള അപാകതകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് സമയം വേണ്ടിവന്നു. ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച് ഇന്ന് ഒരു തീരുമാനമെടുക്കാൻ കഴിയും. ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന കരട് വോട്ടേഴ്സ് ലിസ്റ്റ് പുതിയ വാർഡടിസ്ഥാനത്തിൽ തയ്യാറാക്കിയ കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിലെ

വോട്ടേഴ്സ് ലിസ്റ്റാണ്. കരട് വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ അതിൽ വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനും മറ്റും വ്യവസ്ഥകളുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് ഭരണകാലത്ത് നിശ്ചയിച്ച തെരഞ്ഞെടുപ്പ് കമ്മീഷനാണ് ഇപ്പോഴുള്ളത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ. എം. മാണി, സി. ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) സഹകരണ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. എം. കെ. പ്രേംനാഥ്: കേരളത്തിലെ അടിസ്ഥാന മേഖലയുടെ വികസനത്തിന് പ്രത്യേകിച്ച് പാവപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന 50000-ത്തോളം വരുന്ന സഹകരണ മേഖലയിലെ ജീവനക്കാർ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങളുടെ കാര്യത്തിൽ വളരെയധികം പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. സഹകരണ നിയമത്തിലെ 80-ാം വകുപ്പ് മറ്റു മേഖലകളിലേയ്ക്ക് കൂടി ബാധകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ക്ലാസ്സിഫിക്കേഷൻ വ്യവസ്ഥ യഥാസമയം പരിഷ്ക്കരിക്കുന്നതിനും മൂന്ന് വർഷത്തിലൊരിക്കൽ പുനർനിർണ്ണയം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. സഹകരണ

രംഗത്തെ ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ അനുവദിക്കണം. ഇ.പി.എഫ്. പെൻഷൻ പദ്ധതിയിൽ നിന്നും സ്വാശ്രയ പെൻഷൻ പദ്ധതിയിലേയ്ക്ക് മാറുന്നവരുടെ കാര്യത്തിലും തീരുമാനമുണ്ടാകണം. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയിൽ മാറ്റം വരുത്താനും ഭവന വായ്പയ്ക്ക് വേണ്ടിയുള്ള സഹായങ്ങൾ നൽകാനും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താനും വിദ്യാഭ്യാസ ആനുകൂല്യം, മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് എന്നിവ നൽകാനും നടപടി സ്വീകരിക്കണം. കളക്ഷൻ ഏജന്റുമാർ, അപ്രൈസർമാർ എന്നിവർക്കും ആവശ്യമായ സഹായങ്ങൾ നൽകണം.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : ഈ ഗവൺമെന്റ് വന്നതിനുശേഷം ജില്ലാ സഹകരണ ബാങ്കിംഗ് മേഖലയിലെ ജീവനക്കാർക്ക് 1-4-2007 മുതൽ പൂർവ്വകാല പ്രാബല്യത്തോടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുകയും ഈയിനത്തിൽ വന്നിട്ടുള്ള 70 കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തു. പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്ക്, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ജീവനക്കാർക്കായി ശമ്പള പരിഷ്ക്കരണ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. അവർക്കും ആനുകൂല്യങ്ങൾ പൂർവ്വകാല പ്രാബല്യത്തോടെ കൊടുക്കുന്നതായിരിക്കും. പ്രൊഫഷണൽ ഡിഗ്രി ഉള്ളവർക്ക് ഒരു ഡി.എ. അഡീഷണലായി കൊടുത്തിട്ടുണ്ട്. സാഹിത്യ പ്രവർത്തക സഹകരണ സംഘം ജീവനക്കാർക്ക് കഴിഞ്ഞ 24 വർഷമായി ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിരുന്നില്ല. രണ്ട് വർഷം ശമ്പളവും ഇല്ലായിരുന്നു. ഇപ്പോൾ അവിടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുകയും

ശമ്പളം കൊടുക്കുകയും ചെയ്തു. അപ്രൈസർമാർക്കും ഡെപ്പോസിറ്റ് കളക്ടർമാർക്കും ശമ്പള പരിഷ്ക്കരണം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ബാങ്കുകളിലെ ജീവനക്കാർക്ക് മാതൃകാപരമായ പെൻഷൻ കൊടുക്കുന്നുണ്ട്. ബോർഡിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് മാത്രമേ ഇത് വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഫെസ്റ്റിവൽ അലവൻസ്, മെഡിക്കൽ അലവൻസ് എന്നിവ അനുവദിച്ചിട്ടുണ്ട്.

(2) നഷ്ടപരിഹാര-പുനരധിവാസ പദ്ധതി

ശ്രീ. രാജാജി മാത്യു തോമസ് : ദേശീയപാത വികസനത്തിനുവേണ്ട നിർബന്ധിത ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് ന്യായവും കമ്പോള യാഥാർത്ഥ്യങ്ങൾക്ക് നിരക്കുന്നതുമായ നഷ്ടപരിഹാരവും അവരുടെ പുനരധിവാസത്തിന് ആവശ്യമായ നടപടികളും സ്വീകരിക്കണം. 60 മീറ്റർ ദേശീയപാത നിർമ്മിക്കുന്നത് സംബന്ധിച്ച് യുക്തിസഹവും ശാസ്ത്രീയവുമായ യാതൊരു വിശദീകരണവും നൽകാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യക്കോ കേന്ദ്ര ഗവണ്മെന്റിനോ ഇതേവരെ കഴിഞ്ഞിട്ടില്ല. 2003-ൽ ആരംഭിച്ച അക്വിസിഷൻ നടപടികൾ ഇതുവരെ പൂർത്തിയാക്കാതെ അക്ഷന്തവ്യമായ കാലതാമസമാണ് വരുത്തിയിരിക്കുന്നത്. ഭൂമിയുടെ വില ഉയർന്ന സാഹചര്യത്തിൽ കമ്പോള വില 7 ലക്ഷം രൂപ വരെയുള്ള സ്ഥലത്തിന് അടിസ്ഥാന ഭൂനികുതി രജിസ്റ്ററിൽ വയൽ എന്നു രേഖപ്പെടുത്തിയതുമൂലം 5000 രൂപ വില നിർണ്ണയിക്കുകയും തൊട്ടടുത്ത ഭൂമിക്ക് 80000 രൂപ വരെ വില ലഭിക്കുന്ന കേസുകളിൽ അവർക്ക് വീടോ കച്ചവട സ്ഥാപനമോ കണ്ടെത്താനും കഴിയുന്നില്ല. പുറംപോക്കുകളിൽ താമസിക്കുന്നവർക്കും വാടക കെട്ടിടങ്ങളിൽ വർഷങ്ങളായി കച്ചവടം

നടത്തുന്നവർക്കും ഭൂമി നഷ്ടപ്പെട്ടിട്ടും അവശേഷിക്കുന്ന സ്ഥലത്ത് കെട്ടിട നിർമ്മാണ നിയമം അനുസരിച്ച് വീട് നിർമ്മിക്കാൻ കഴിയാത്ത വർക്കും നഷ്ടപരിഹാര തുകകൊണ്ട് ബദൽ സംവിധാനം ഉണ്ടാക്കാൻ കഴിയാത്തവർക്കും ന്യായമായ നഷ്ടപരിഹാരം നൽകുന്ന ഒരു പുനരധി വാസ പാക്കേജ് ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. കുടിയൊഴിപ്പിക്കപ്പെടുന്നവ രോട് മനുഷ്യത്വപൂർണ്ണമായി പെരുമാറണമെന്ന നിർദ്ദേശം പാലിക്കപ്പെടാനും അക്വിസിഷൻ നടപടികളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാനും പുനരധി വാസ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് ആവശ്യമായ മേൽനോട്ടം വഹിക്കാൻ ഒരു കമ്മിറ്റിക്ക് രൂപം നൽകാനും ഉദ്യോഗസ്ഥ സംവിധാനത്തിൽ നിലനിൽക്കുന്ന അഴിമതിയും കെടുകാര്യസ്ഥതയും കൃത്യ മായി മോണിറ്റർ ചെയ്ത് ജനങ്ങൾക്ക് നീതി ഉറപ്പാക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ഇപ്പോൾ മുഴുവൻ ദേശീയ പാതകളും നവീകരിച്ച് നാലുവരിപ്പാതകളും ആറ് വരിപ്പാത കളുമൊക്കെയാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ കേരളത്തി ലാണ് ഏറ്റവും കുറവ് ശതമാനം നാലുവരിപ്പാത ദേശീയ പാതയാക്കി മാറ്റി യത്. അതിനുകാരണം കേന്ദ്ര സർക്കാർ ബി.ഒ.ടി.യും മിനിമം വിഡ്ത്ത് പാക്കേജും തീരുമാനിച്ചിട്ടുള്ളതിനാലാണ്. എന്നാൽ അതിനോട് കേരള ഗവൺമെന്റിന് ആദ്യം യോജിപ്പുണ്ടായിരുന്നില്ല. എന്നാൽ യഥാസമയം മെയിന്റനൻസ് പോലും നടക്കാത്ത സാഹചര്യത്തിൽ കേരളം അതിനോട് യോജിക്കാൻ തീരുമാനിച്ച വിവരം കേന്ദ്ര ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ കേരളം പറഞ്ഞ കാര്യങ്ങൾ, കേന്ദ്ര സർക്കാരിന് സ്വീകാര്യമല്ലെന്ന് പല സന്ദർഭങ്ങളിലും വാക്കാൽ അറിയിച്ചിട്ടുണ്ട്. കേരളത്തിലെ ദേശീയ

പാത നാലുവരിപ്പാതയാക്കേണ്ടത് വികസനത്തിന് അത്യന്താപേക്ഷിതമാണ്. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞാൽ ഗതാഗതം അസാധ്യമായി തീരുന്ന അവസ്ഥാവിശേഷം വന്നുചേരും. ഇതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷിയോഗം വിളിച്ചുചേർക്കുന്നതാണ്. അങ്ങനെ നാലുവരി പാതയാക്കി മാറ്റുമ്പോൾ ഭൂമി ഏറ്റെടുക്കേണ്ടിവരും. അപ്പോൾ ഇന്നുള്ള സംവിധാനങ്ങൾ പോരാതെ വരും. ഇപ്പോഴുള്ള അലൈൻമെന്റിൽ ഒരുവശത്തുനിന്നാണ് സ്ഥലം എടുക്കുന്നത്. രണ്ട് വശത്തുനിന്നും സ്ഥലമെ ടുക്കുകയാണെങ്കിൽ ചെലവ് കൂടും. ചെയ്തിരിക്കുന്നതെല്ലാം ശരിയാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ഒരു ടെക്നോ-സോഷ്യൽ ആഡിറ്റ് ടീമിനെ നിയോഗിച്ച് ആ ടീം ഇത് സംബന്ധിച്ച പരിശോധന നടത്തി തീർപ്പു കൽപ്പിച്ചാൽ അങ്ങനെ ഏറ്റെടുക്കേണ്ട സ്ഥലത്തിന് മാർക്കറ്റ് വില, കെട്ടിട ങ്ങൾക്ക് റീപ്ലേയ്സ്മെന്റ് വാല്യു, അതിന്റെ അടിസ്ഥാനത്തിലുള്ള നഷ്ടപരി ഹാരം എന്നിവ നൽകേണ്ടി വരും. ഇതിൽ വാണിജ്യാടിസ്ഥാനത്തിൽ അല്ലെ ങ്കിൽ റെസിഡൻഷ്യൽ, വലിയ കെട്ടിടങ്ങളുള്ള ഭൂഉടമസ്ഥർ നാമമാത്ര മായിട്ടുള്ള ഭൂമിയിൽ സ്വന്തമായി ചെറിയ വീടുള്ളവർ, പുറമ്പോക്കിൽ താമസമുള്ളവർ എന്നിവർ ഉൾപ്പെടും. കൂടാതെ പുറമ്പോക്കിൽ താമസിക്കു ന്നവരെയും നാമമാത്രമായ ഭൂമിയുള്ളവരെയും പുനരധിവസിപ്പിക്കേണ്ടിവ രും. അവർക്ക് പകരം ഭൂമി കണ്ടെത്തി വീട് വച്ചുകൊടുക്കേണ്ടതുണ്ട്. ബാക്കിയുള്ളവർക്ക് മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ, റീ-പ്ലേ സ്മെന്റിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിച്ച് നൽകേണ്ടിവരും. അവർക്കും റീഹാബിലിറ്റേഷനുവേണ്ടി ഒരു അലവൻസ് നിശ്ചയിക്കേണ്ടി വരും. മറ്റൊരു വലിയ വിഭാഗം വാടകക്കെട്ടിടങ്ങളിൽ കച്ചവടം നടത്തിവ

ന്നിരുന്ന വ്യാപാരികളാണ്. സാധാരണ നമ്മൾ പുനരധിവാസ പാക്കേജിൽ വ്യാപാരികളുടെ കാര്യം പരിശോധിക്കാറില്ല. പക്ഷേ വ്യാപാരികൾക്കും ഇതു പോലെ പാക്കേജുകൾ വേണ്ടതാണ്. അവരുടെയും തൊഴിലും വരുമാനവും നഷ്ടപ്പെടുന്നുണ്ട്. ഇക്കാര്യത്തെക്കുറിച്ചും ചർച്ച നടത്തേണ്ടതുണ്ട്. കേരള സർക്കാർ കേന്ദ്രഗവണ്മെന്റിനോട് ഭൂവിലയുടെ ഒരു നിശ്ചിത ശതമാനം ഇവർക്ക് നൽകണമെന്നുള്ള ആവശ്യമുന്നയിച്ചിട്ടുണ്ട്. അതല്ല, റോഡ് സൈഡിൽ തന്നെ പുതിയ കെട്ടിടങ്ങൾ എടുക്കുന്നുണ്ടെങ്കിൽ ഷോപ്പിംഗ് മാൾ പണിതിട്ട് അവരെ പുനരധിവസിപ്പിക്കാൻ പറ്റുമോയെന്നും അതല്ല നിലവിലുള്ള കെട്ടിടങ്ങൾക്ക് ബിൽഡിംഗ് റൂൾസിൽ ഇളവ് നൽകിക്കൊണ്ട് അവിടെത്തന്നെ വ്യാപാരികളെ റീ-ഹാബിലിറ്റേറ്റ് ചെയ്യുവാൻ പറ്റുമോയെന്നും ചർച്ച ചെയ്യണം. വ്യാപാരികളുടെ റീ-ഹാബിലിറ്റേഷന് ഒരു പാക്കേജ് വേണ്ടതാണ്. കടകളിലെ ജീവനക്കാരുടെ പ്രശ്നങ്ങളും പരിശോധിക്കേണ്ടതാണ്. ഇത്തരത്തിൽ ആർക്കും ആക്ഷേപമില്ലാത്ത രീതിയിൽ അവരുടെ പ്രയാസങ്ങളെക്കുറിച്ച് പൂർണ്ണമായി സർവ്വകക്ഷിയോഗത്തിൽ ചർച്ചചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുത്ത് നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

## സബ്മിഷൻ

(1) <u>ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിൽസാ സഹായം</u>

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായത്തിനായി മതിയായ രേഖകളോടെ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനും ചികിത്സാ സഹായത്തിനുള്ള വരുമാന പരിധിയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്. അച്ചുതാനന്ദൻ): മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിൽസാ സഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എം.എൽ.എ.മാർ മുഖേന ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ ധനസഹായം അനുവദിക്കാറുണ്ട്.

(2) വേതനം വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. എ.സി. മൊയ്തീൻ: മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിലെ ദിവസവേതനക്കാരായ തൊഴിലാളികളുടെ വേതനം 150 രൂപയിൽ നിന്നും 180 രൂപയായി മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി : (ശ്രീ. സി. ദിവാകരൻ): മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിലെ ദിവസ വേതന തൊഴിലാളികളുടെ വേതനം 2009 മുതൽ മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിക്കണമെന്ന മൃഗസംരക്ഷണവകുപ്പു ഡയറക്ടറുടെ ശുപാർശ ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലാണ്.

(3) ബാവിക്കര റെഗുലേറ്ററിന്റെ നിർമ്മാണം

ശ്രീ. സി.ടി. അഹമ്മദ് അലി: ദീർഘനാളായി മുടങ്ങിക്കിടക്കുന്ന ബാവിക്കര റെഗുലേറ്ററിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) കാസർഗോഡ് പട്ടണത്തിലേയ്ക്കും സമീപപ്രദേശങ്ങളിലേയ്ക്കും കുടിവെള്ളം എത്തിക്കുന്നതിന് നദിക്ക് കുറുകെ റെഗുലേറ്റർ നിർമ്മിച്ച് ഉപ്പുവെള്ളം

തടയുന്നതിനുവേണ്ടിയുള്ള പദ്ധതിക്ക് 3-12-2004-ൽ 2.63 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പണി ആരംഭിച്ചുവെങ്കിലും 40 ശതമാനത്തോളം പണി കഴിഞ്ഞപ്പോൾ ഉപ്പുരസം തടയുന്നതിനുള്ള സാങ്കേതിക സംവിധാനത്തോടെയല്ല ഇത് ചെയ്യുന്നത് എന്ന് കണ്ടതിനാൽ ഡിസൈൻ മുഴുവൻ റീകാസ്റ്റ് ചെയ്യേണ്ടി വന്നു. റീകാസ്റ്റ് ചെയ്തപ്പോൾ 7.13 കോടി രൂപ റിവൈസ്ഡ് എസ്റ്റിമേറ്റായി. 2009-ൽ 7.13 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെന്റർ വിളിക്കുകയും ചെയ്തു. ഇതിന് ലഭിച്ച നാല് ടെന്ററുകളും 90 ശതമാനം എക്സസ് റേറ്റാണ് ക്വാട്ട് ചെയ്തിരുന്നത്. ഒരു കാരണവശാലും 90 ശതമാനം എക്സസ്സിൽ വർക്ക് ചെയ്യാൻ കഴിയില്ല. കോൺട്രാക്ടർ റേറ്റ് കുറയ്ക്കാൻ തയ്യാറാകുകയും ധനകാര്യ വകുപ്പ് അത് അംഗീകരിക്കുകയും ചെയ്താൽ ഈ ടെന്റർ അനുസരിച്ചുതന്നെ പണി ആരംഭിക്കാം. ഇല്ലെങ്കിൽ റീ-ടെന്റർ ചെയ്യുകയേ മാർഗ്ഗമുള്ളൂ.

(4) <u>തങ്കപ്പന്റെ ദുരൂഹമരണം</u>

<u>ശ്രീ. ബി. രാഘവൻ</u> : അഞ്ചൽ അലയമൺ കുട്ടിനാട് കോളനിയിലെ തങ്കപ്പന്റെ ദുരൂഹമരണം ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u> അഞ്ചൽ അലയമൺ കുട്ടിനാട് കോളനിയിലെ തങ്കപ്പന്റെ മരണത്തെ സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ലോക്കൽ പോലീസ്

അന്വേഷണം നടത്തിവരികയാണ്. കേസന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുന്നതാണ്.

(5) <u>റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി.</u>

<u>ശ്രീ. എ.കെ. ശശീന്ദ്രൻ</u> : എൻ.എച്ച്. 17-ൽ കോഴിക്കോട് കോരപ്പുഴ പ്രദേശത്തെ റോഡ് വെള്ളക്കെട്ട് ഇല്ലാതാക്കി ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്)</u> :മഴവെള്ളം ഒഴുകിപ്പോകുന്നതിനുള്ള വഴികൾ അടഞ്ഞുപോയതുകൊണ്ടാണ് കോരപ്പുഴ ഭാഗത്തെ റോഡുകളിൽ വെള്ളപ്പൊക്കമുണ്ടാകുന്നത്. ദേശീയപാതയുടെ ഇരുവശത്തും ആവശ്യമായ അഴുക്കുചാലുകൾ നേരത്തെ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ വെള്ളം കടലിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള അഴുക്കുചാൽ നിർമ്മിക്കേണ്ടതുണ്ട്. തുടർ ചാൽ നിർമ്മിക്കാനുള്ള നിർദ്ദേശം ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന് നൽകിയിട്ടുണ്ട്. ഈ റോഡ് സഞ്ചാരയോഗ്യമാക്കാനുള്ള താൽക്കാലിക നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും റോഡിന്റെ സ്ഥിരസംരക്ഷണത്തിനായി റോഡ് ഉയർത്തി ടാർ ചെയ്യാൻവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കുകയും ചെയ്യുന്നതാണ്.

(6) <u>എക്സൈസ് റേഞ്ച് ആഫീസ്</u>

<u>ശ്രീ. ആർ. സെൽവരാജ്</u> : നികുതി വെട്ടിപ്പ് തടയുന്നതിന് കേരള-തമിഴ്നാട് അതിർത്തി പ്രദേശമായ പാറശ്ശാല കേന്ദ്രീകരിച്ച് എക്സൈസ് റേഞ്ച് ആഫീസ് സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 30 വില്ലേജുകൾ ഉൾപ്പെട്ട നെയ്യാറ്റിൻകര എക്സൈസ് സർക്കിൾ ആഫീസിന്റെ കീഴിൽ 4 എക്സൈസ് റേഞ്ച് ആഫീസുകളും 15 എക്സൈസ് ചെക്ക്പോസ്റ്റുകളും പ്രവർത്തിക്കുന്നുണ്ട്. തമിഴ്നാടിനോട് ചേർന്ന അതിർത്തി പ്രദേശങ്ങൾ കൂടുതലായി നിരീക്ഷിക്കുക, അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന അബ്കാരി കുറ്റകൃത്യങ്ങളും സ്പിരിറ്റ് കള്ളക്കടത്ത് വിപണനവും ഫലപ്രദമായി തടയുക എന്നിവയ്ക്കായി പാറശ്ശാല കേന്ദ്രീകരിച്ച് പുതിയ റേഞ്ച് ആഫീസ് സ്ഥാപിക്കേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു. ഈ വിഷയം ധനകാര്യവകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(7) പ്ളാന്റേഷൻ റിലീഫ് ഫണ്ട്

ശ്രീമതി ഇ.എസ്. ബിജിമോൾ : പീരുമേട്ടിലെ പൂട്ടിക്കിടക്കുന്ന തോട്ടം തൊഴിലാളികൾക്കുള്ള ഈ വർഷത്തെ പ്ളാന്റേഷൻ റിലീഫ് ഫണ്ട് അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2008-09-ലെ പ്ളാന്റേഷൻ റിലീഫ് ഫണ്ട് കൊടുത്തു. 2009-10 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി 3,98,40,000 രൂപയുടെ പ്രവർത്തന പദ്ധതി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത തുക സപ്ളിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതാണ്. തുക അനുവദിക്കുന്ന മുറയ്ക്ക് റിലീസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(8) എച്ച്.എം.ടി.യിലെ തൊഴിൽ സമരം

ശ്രീ. എ.എം. യൂസഫ് : കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന എച്ച്.എം.ടി. എന്ന സ്ഥാപനത്തെ പൊതുമേഖലയിൽ നിലനിറുത്തുക, കാഷ്വൽ ലേബറേഴ്സിനേയും ക്യാന്റീൻ തൊഴിലാളികളേയും സ്ഥിരപ്പെടുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കഴിഞ്ഞ ആറുമാസമായി തൊഴിലാളികൾ നടത്തിവരുന്ന സമരം ഒത്തുതീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : 3000 തൊഴിലാളികൾ പണിയെടുത്തുകൊണ്ടിരുന്ന ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ് എന്ന സ്ഥാപനത്തിൽ 517 തൊഴിലാളികൾ മാത്രമേ ഇന്നുള്ളൂ. നിരവധി പരിശ്രമങ്ങൾ നടത്തിയതിന്റെ ഫലമായി ആ സ്ഥാപനം പുന:സംഘ ടിപ്പിക്കാൻ ഒരു പാക്കേജ് പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും മാനേജ്മെന്റിന്റെ പിടിപ്പുകേടുകൊണ്ട് അതിന് സാധിച്ചില്ല. തൊഴിലാളികൾക്ക് 1992-നുശേഷം ശമ്പളം പുതുക്കിക്കൊടുക്കുകയോ കുടിശ്ശിക കൊടുത്തുതീർക്കുകയോ ചെയ്തിട്ടില്ല. ഈ സ്ഥാപനത്തെ ഹെവി എഞ്ചിനീയറിംഗ് കോർപ്പ റേഷനുമായി ലയിപ്പിക്കാൻ എം.ഒ.യു. തയ്യാറാക്കിയെങ്കിലും നടപ്പിലായിട്ടില്ല. ഇക്കാര്യം കേന്ദ്ര തൊഴിൽവകുപ്പുമന്ത്രിയുടെയും എക്സൈസ് വകുപ്പുമന്ത്രി യുടെയും ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാൻ ശ്രമിക്കാം.

(9) ഏകജാലക പ്രവേശനം.

(ശ്രീ. തോമസ് ചാഴികാടനും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സി.ബി.എസ്.ഇ. ഫലം പുറത്തുവ രുന്നതിനുമുമ്പ് പ്ളസ് വൺ ഏകജാലക സംവിധാനത്തിൽ അപേക്ഷിക്കുന്ന

തിനുള്ള തീയതി കഴിഞ്ഞതിനെത്തുടർന്ന് ഉപരിപഠനത്തിന് അവസരം നിഷേധിക്കപ്പെട്ട സി.ബി.എസ്.ഇ. വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള സീറ്റുകളും കോഴ്സുകളും ലഭ്യമാക്കുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്ലസ് വൺ വിദ്യാർത്ഥികൾക്ക് കുറഞ്ഞത് 200 ദിവസമെങ്കിലും അദ്ധ്യയനം ഉറപ്പുവരുത്തണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകൾ നൽകാൻ കഴിയാതിരുന്ന സി.ബി.എസ്.ഇ. 10-ാം ക്ലാസും സേ പരീക്ഷയും പാസ്സായ വിദ്യാർത്ഥികൾക്ക് ജൂലൈ 12 മുതൽ അപേക്ഷ സമർപ്പിക്കാനും പ്രവേശനം നേടാനുമുള്ള സൗകര്യം സർക്കാർ ഉറപ്പുവരുത്തുന്നതാണ്. പ്ലസ് വൺ അഡ്മിഷൻ സംബന്ധിച്ച് യാതൊരു ആശങ്കയും നിലവിലില്ല.

ശ്രീ. ജി. കാർത്തികേയൻ: പ്ലസ് വൺ കുട്ടികളുടെ ഫോർത്ത് അലോട്ട്മെന്റ് കഴിഞ്ഞ് ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നു. ഇതുവരേയും അഡ്മിഷൻ കിട്ടാതിരുന്ന സി.ബി.എസ്.ഇ. സിലബസ്സിൽ പഠിച്ച കുട്ടികളെ എങ്ങനെയാണ് പ്രൊവൈഡ് ചെയ്യുന്നതെന്ന് സർക്കാർ വ്യക്തമാക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : രണ്ടാഴ്ചമുമ്പ് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്നതാണെങ്കിലും സി.ബി.എസ്.ഇ. വിദ്യാർത്ഥികളുടെ അപേക്ഷ ഇതുവരെയും സ്വീകരിച്ചിട്ടില്ല. ആ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരം നിഷേധിക്കരുത്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സി.ബി.എസ്.ഇ. പാസ്സായ വിദ്യാർത്ഥികളുടെ പ്ലസ് വൺ അഡ്മിഷൻ സംബന്ധിച്ച പ്രശ്നം മറ്റു ജില്ല കളെ അപേക്ഷിച്ച് വടക്കൻ മേഖലകളിലാണ് കൂടുതലുള്ളത്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ചശേഷം അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ്. ഇന്ന് വൈകുന്നേരം നടക്കുന്ന ക്യാബിനറ്റ് യോഗ ത്തിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരി ക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സു കൾ മേശപ്പുറത്ത് വച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) I മുതൽ X വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ 2009 ഏപ്രിൽ 1 മുതൽ 2010 ജൂൺ 28 വരെയുള്ള ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്ക പ്പെട്ടു.

(2) ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ച 2010-ലെ കേരള ഉൾനാ ടൻ ഫിഷറി ബില്ലിനെ സംബന്ധിച്ച കമ്മിറ്റിയുടെ റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കപ്പെട്ടു.

## ക്രമപ്രശ്നം

ഗവർണർ നടത്തിയ നയപ്രഖ്യാപനം സംബന്ധിച്ച്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് ചീഫ് സെക്രട്ടറി നൽകിയ മറുപടിയിൽ മന്ത്രിസഭ അംഗീകരി

ക്കാതെയാണ് 2010 ഫെബ്രുവരി 24-ന് ഗവർണർ നിയമസഭയിൽ നയപ്രഖ്യാപന പ്രസംഗം നടത്തിയത് എന്നാണ് വ്യക്തമാക്കിയത്. പ്രസ്തുത വിഷയത്തിൽ ഗവർണർ വിശദീകരണമാരാഞ്ഞപ്പോൾ നയപ്രഖ്യാപന പ്രസംഗം മന്ത്രിസഭ അംഗീകരിക്കേണ്ടതില്ലെന്നും മുഖ്യമന്ത്രിയുടെ അംഗീകാരം മതിയെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകിയതായാണ് അറിയാൻ കഴിഞ്ഞത്. ഭരണഘടനാപരമായും കീഴ്വഴക്കങ്ങളനുസരിച്ചും മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപനമാണ് ഗവർണർ നിയമസഭയിൽ നടത്തേണ്ടത്. മറ്റ് സംസ്ഥാനങ്ങളും ഇതുതന്നെയാണ് പിന്തുടരുന്നത്. ഭരണഘടനാപരമായ ചുമതലകൾ നിർവ്വഹിക്കേണ്ട സ്ഥാപനം തന്നെ വീഴ്ച വരുത്തിയാൽ ഗുരുതരമായ പ്രത്യാഘാതങ്ങൾക്കിടവരുത്തുമെന്നതിനാൽ ഈ പ്രശ്നത്തിന് പരിഹാരം കാണണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u>: ഇത് സംബന്ധിച്ച് ഗവർണർ ചോദിച്ച വിശദീകരണത്തിന് നൽകിയ മറുപടി ഗവർണറുടെ പരിഗണനയിലാണ്.

## ധനകാര്യം

### 2010-2011 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u>: താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ (177,03,72,000 രൂപ)

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സംസ്ഥാന ഭരണ ത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(സർവ്വശ്രീ. കെ.പി. മോഹനൻ, സി.പി. മുഹമ്മദ്, വി.ഡി. സതീശൻ, എ.പി. അനിൽകുമാർ, തേറമ്പിൽ രാമകൃഷ്ണൻ, കെ.സി. ജോസഫ്, ആര്യാടൻ മുഹമ്മദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജി.കാർത്തികേയൻ, എം. ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി, യു.സി.രാമൻ, കെ. മുഹമ്മദുണ്ണി ഹാജി, സി.ടി. അഹമ്മദ് അലി, തോമസ് ഉണ്ണിയാടൻ, തോമസ് ചാഴികാടൻ, ജോസഫ് എം. പുതുശ്ശേരി, എ.പി.അബ്ദുള്ളക്കുട്ടി, എ.എ. ഷുക്കൂർ, ബി.ബാബു പ്രസാദ്, ജോർജ് മേഴ്സിയർ, കെ. ശിവദാസൻ നായർ, കെ. കെ. ഷാജു എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. വി. ഡി. സതീശൻ : ധനാഭ്യർത്ഥനയെ എതിർക്കുന്നു. പരസ്പര വിശ്വാസമില്ലാത്തവരും കൂറില്ലാത്തവരുമായ മന്ത്രിമാരാണ് മുഖ്യമ ന്ത്രിയോടൊപ്പം ഈ മന്ത്രിസഭയിലുള്ളത്. കേരളത്തിലെ വികസനപദ്ധതിപ്ര വർത്തനങ്ങളെ ഏകോപിപ്പിക്കേണ്ടതും നിയന്ത്രിക്കേണ്ടതും മുഖ്യ മന്ത്രിയുടെ ഓഫീസാണ്. മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉദ്യോഗസ്ഥർ പരസ്പരം നടത്തുന്ന പോരാട്ടങ്ങൾ അങ്ങാടിപ്പാട്ടാണ്. സംസ്ഥാന ഭരണം നിയന്ത്രണമോ ഏകോപനമോ ഇല്ലാതെ വിഭാഗീയതയുടെ പ്രതീകമായി മാറി യിരിക്കുകയാണ്. ഈ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ വകുപ്പുകളിലും ഏകോപനമില്ലായ്മ പ്രതിഫലിക്കുകയാണ്. പദ്ധതിപ്രവർത്ത നങ്ങളുടേയും വികസനപ്രവർത്തനങ്ങളുടേയും നടത്തിപ്പിലും കേന്ദ്ര

ഗവൺമെന്റിന്റെ പദ്ധതി നടത്തിപ്പിലും വികസനപ്രവർത്തനങ്ങൾക്ക് ഫോളോ-അപ് ആക്ഷനെടുക്കുന്ന കാര്യത്തിലും ക്രമസമാധാനപാലന ത്തിനും ഉദ്യോഗസ്ഥരെ വിന്യസിക്കുന്നതിലും സംസ്ഥാന ഭരണകൂടത്തെ നിയന്ത്രിക്കുന്നതിലും മുഖ്യമന്ത്രിയുടെ ഓഫീസ് ദയനീയമായി പരാജയപ്പെ ട്ടിരിക്കുന്നു. യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കിയതും സംസ്ഥാന വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കേ ണ്ടതുമായ സ്മാർട്ട് സിറ്റി പദ്ധതി, വിഴിഞ്ഞം തുറമുഖ നിർമ്മാണം എന്നിവ യുടെ ആരംഭം കുറിക്കാൻപോലും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കേരള ത്തിൽ ഇനിയൊരു വികസനവും ഉണ്ടാകാൻ പോകുന്നില്ല എന്ന സന്ദേശം നൽകിക്കൊണ്ട് സ്മാർട്ട് സിറ്റി പദ്ധതി അനിശ്ചിതത്വത്തിലേയ്ക്ക് നീങ്ങുക യാണ്. വിഴിഞ്ഞം പോർട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് ഗ്ലോബൽ ടെന്റർ, എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് എന്നിവ ക്ഷണിക്കാനോ ധാരണ ഉണ്ടാ ക്കാനോ കഴിഞ്ഞിട്ടില്ല. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിന്റെ റോഡ് കണക്ടിവിറ്റി മാത്രമാണ് ചെയ്തിട്ടുള്ളത്. സംസ്ഥാന വികസനം, പ്രോജക്ട് ഇംപ്ലിമെന്റേഷൻ തുടങ്ങിയവ കോ-ഓർഡിനേറ്റ് ചെയ്യുന്നതിൽ പരാജയപ്പെട്ടി രിക്കുകയാണ്. കേന്ദ്ര പദ്ധതികൾക്കും വൈവിദ്ധ്യ പദ്ധതികൾക്കുള്ള സ്ഥല മെടുപ്പുപോലും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്നില്ല. പദ്ധതി തുക ചെലവഴിക്കുന്നത് സംബന്ധിച്ച് ഒരേ ദിവസം മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും സഭയിൽ നൽകിയ മറുപടിയിൽപ്പോലും വൈരുദ്ധ്യമുണ്ടാ യിരിക്കുന്നു. ഈ ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾക്കും തീരുമാന ങ്ങൾക്കുമെതിരായി വിവിധ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ പരസ്യമായി പ്രസ്താവനകൾ നടത്തുന്ന സ്ഥിതിയാണുള്ളത്. വ്യവസായ വികസനത്തിൽ മറ്റെല്ലാ സംസ്ഥാനങ്ങളിലും ഏകജാലക സംവിധാനത്തിന് തുടക്കമിടാൻ

കഴിഞ്ഞുവെങ്കിലും കേരളത്തിൽ ഇനിയും അത് തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ബി.ഒ.ടി. അടിസ്ഥാനത്തിൽ റോഡുകളുണ്ടാക്കുന്നതിന് രണ്ടര വർഷമായിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സ്പെഷ്യൽ എക്കണോമിക് സോണിന്റെ കാര്യത്തിൽ തീരുമാനമെടുക്കാൻ വർഷങ്ങളോളം കാത്തിരിക്കേണ്ടിവന്നു. കൊക്കോകോള കമ്പനിയെക്കുറിച്ച് വ്യവസായ വകുപ്പ് സെക്രട്ടറി പറഞ്ഞ അഭിപ്രായങ്ങൾക്കെതിരെ മുഖ്യമന്ത്രിക്ക് അഭിപ്രായം പറയേണ്ടി വന്നത് ഗവൺമെന്റിന്റെ കഴിവുകേടിന്റെ തെളിവാണ്. സംസ്ഥാനത്തെ എല്ലാ വകുപ്പുകളുമായും മുഖ്യമന്ത്രി സംഘർഷത്തിലാണ്. ഒരു ഉന്നത ഉദ്യോഗസ്ഥന്റെ പ്രവർത്തനത്തെ സംബന്ധിച്ച് മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പു മന്ത്രിക്കും വ്യത്യസ്ത അഭിപ്രായമാണുള്ളത്. കൂട്ടുത്തരവാദിത്വമില്ലാത്ത ഒരു ഗവൺമെന്റിന് നിലനിൽക്കാൻ കഴിയില്ല. മന്ത്രിമാരും ഉദ്യോഗസ്ഥരും തമ്മിലുള്ള അഭിപ്രായ വ്യത്യാസം സംസ്ഥാന പുരോഗതിയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്.

ശ്രീ. എം. ചന്ദ്രൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് അഞ്ചാം വർഷത്തിലേയ്ക്ക് കടക്കുകയാണ്. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ വികസനം നടന്ന സംസ്ഥാനം എന്ന ഖ്യാതി നേടിയെടുക്കാൻ കഴിഞ്ഞത് ഗവൺമെന്റിന്റെ നേട്ടമാണ്. കേന്ദ്ര ഗവൺമെന്റിൽ നിരന്തരമായ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായിട്ടാണ് പല നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പ്രോജക്ട്, എൽ.എൻ.ജി. ടെർമിനൽ പദ്ധതി, മെട്രോ റെയിൽ പദ്ധതി, പാലക്കാട് കോച്ച് ഫാക്ടറി എന്നിവ യാഥാർത്ഥ്യമാക്കാനുള്ള പരിശ്രമം നടത്തിവരികയാണ്. കേരളത്തിന്റെ വികസനത്തിനാവശ്യമായ പശ്ചാത്തലസൗകര്യം ഒരുക്കാനുള്ള

നീക്കങ്ങൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇക്കഴിഞ്ഞ നാല് വർഷംകൊണ്ട് നിരവധി വൈദ്യുത പദ്ധതികൾ പൂർത്തിയാക്കാനും വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കാനും സാധിച്ചു. ഒറീസയ്ക്ക് 1000 മെഗാ വാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനാവശ്യമായ കൽക്കരി നൽകുന്നതിനുള്ള അനുമതിയും നേടിയെടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. എൽ.എൻ.ജി. ടെർമിനൽ പൂർത്തീകരിച്ച് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിഞ്ഞാൽ അത് കേരളത്തിന്റെ വികസനത്തിൽ അടിസ്ഥാനപരമായ മുന്നേറ്റമുണ്ടാക്കും. ഈ ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കില്ലെന്ന പ്രഖ്യാപനം നടത്തുകയും 32 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കു കയും എട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ പുതിയതായി ആരംഭിക്കുകയും മൂന്ന് സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ തീരുമാനിക്കുകയും ചെയ്തു. ഐ.ടി. മേഖലയിൽ വമ്പിച്ച മുന്നേറ്റം ഉണ്ടാക്കാനും അതുവഴി ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. പട്ടിണി മരണം, കർഷക ആത്മഹത്യ എന്നിവ അവസാനിപ്പിക്കാൻ സാധിച്ചു. ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി 60000 ഏക്കർ തരിശ് ഭൂമിയിൽ നെൽകൃഷി ചെയ്ത് 150000 ടൺ നെല്ലുൽപാദിപ്പിക്കാൻ കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റ് പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധിപ്പിക്കുകയും അതിന്റെ വില നിർണ്ണയാവകാശം സ്വകാര്യ കമ്പനികൾക്ക് ഏൽപ്പിച്ചുകൊടുക്കുകയും ചെയ്തത് കേരളത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. പാചകവാതക വില വർദ്ധനവ് സാധാരണ ജനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്. മാന്ദ്യ വിരുദ്ധ പാക്കേജിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് നീക്കിവച്ച തുക തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി ഉപയോഗി ക്കാൻ സാധിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 3000

കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് പ്രകാരം 141 നിയോജകമണ്ഡലങ്ങളിലും ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എം. മാണി: ധനാഭ്യർത്ഥനയെ എതിർക്കുന്നു. സർക്കാരിന്റെ ഭൂരിപക്ഷം കുറഞ്ഞ് കുറഞ്ഞ് ഒരു മൈനോറിറ്റി ഗവൺമെന്റായി മാറിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളെ വിശ്വാസത്തിലെടുക്കാതെ നിയമസഭയെ ബൈപ്പാസ് ചെയ്യുന്ന ഒരു സ്വേച്ഛാധിപത്യ ഭരണമാണ് ഇവിടെ നടക്കുന്നത്. 2009 മാർച്ചിന് ശേഷം അടിയന്തിര പ്രാധാന്യമില്ലാത്ത 20 ഓർഡിനൻസുകളാണ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിൽ പല കാര്യങ്ങൾക്കും നിയമപ്രാബല്യം ലഭിക്കുകയില്ല എന്ന് പ്രതിപക്ഷം ചൂണ്ടിക്കാണിച്ചത് മുഖവിലയ്ക്കെടുക്കാതെ മുന്നോട്ടുപോകുകയും അത് ലഭിക്കാതെ വന്നപ്പോൾ ഓർഡിനൻസായി സഭയിൽ കൊണ്ടുവരികയും ചെയ്തിട്ടുള്ളതാണ്. ഇതൊക്കെ അപ്പോൾ തന്നെ സഭയിൽ ഒരു ബിൽ കൊണ്ടുവന്ന് പാസ്സാക്കിയിരുന്നെങ്കിൽ മുൻകാല പ്രാബല്യത്തോടുകൂടി ഓർഡിനൻസ് കൊണ്ടുവരേണ്ടി വരുമായിരുന്നില്ല. ജുഡീഷ്യറിയെ അവഹേളിക്കുന്നതും ജഡ്ജിമാർക്കെതിരെ പരാമർശം നടത്തുന്നതും ജനാധിപത്യത്തിന് യോജിച്ചതല്ല. എക്സിക്യൂട്ടീവ്, ജുഡീഷ്യറി, ലെജിസ്ലേച്ചർ എന്നിവ തമ്മിലുള്ള പരസ്പര ധാരണ നഷ്ടപ്പെട്ടിരിക്കുകയാണ്. കോട്ടയം സി.എം.എസ്. കോളേജിൽ എസ്.എഫ്.ഐ-യുടെ നേതൃത്വത്തിലുണ്ടായ ഗുണ്ടാ ആക്രമണം ഈ ഗവൺമെന്റ് നിയമവാഴ്ചയെ തകർക്കുന്നുവെന്നതിന്റെ ഉത്തമ ഉദാഹരണമാണ്. കോളേജിനുണ്ടായ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടപരിഹാരം സി.പി.ഐ.(എം.) നൽകണം. അക്രമങ്ങൾക്ക് പരിരക്ഷ നൽകുന്ന ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റിന്റെ കാലത്ത് ഡി.വൈ.

എഫ്.ഐ-യുടേയും എസ്.എഫ്.ഐ-യുടേയും നേതൃത്വത്തിൽ മുപ്പതോളം പോലീസ് സ്റ്റേഷനുകൾ ആക്രമിച്ചിട്ടുണ്ടെന്ന് സഭയിൽത്തന്നെ ചോദ്യ ങ്ങൾക്ക് മറുപടി നൽകിയിട്ടുണ്ട്. നിയമം ലംഘിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. കേരളം മറ്റൊരു ചമ്പൽക്കാടായി മാറിയി രിക്കുകയാണ്. പത്ര പരസ്യങ്ങളിലൂടെ നിലകൊള്ളുന്ന ഗവൺമെന്റാണിത്. പരസ്യങ്ങൾക്കുവേണ്ടി നികുതിദായകന്റെ പണം ഉപയോഗിക്കുന്നത് അവ സാനിപ്പിക്കണം. എൽ.ഡി.എഫ് സർക്കാരിന്റെ സ്വേച്ഛാധിപത്യ ഭരണത്തിന് ജനങ്ങൾ അറുതി വരുത്തും.

<u>ശ്രീ. എൻ. അനിരുദ്ധൻ</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഇക്കഴിഞ്ഞ നാലുവർഷത്തെ ഭരണത്തിൽ നിരവധി സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞു. കർഷക ആത്മഹത്യ ഇല്ലാതാക്കി. കർഷക കടാശ്വാസ നിയമം പ്രാബല്യത്തിൽ വരുത്തുകയും കർഷക പെൻഷനും പലിശ രഹിത വായ്പയും നൽകുകയും ചെയ്തു. നെല്ലുല്പാദനം 1.25 ടൺ ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. തരിശ് രഹിത കേരളം സൃഷ്ടിക്കുന്നതിനുവേണ്ടി 15000 ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കി. കിസാൻശ്രീ ഇൻഷ്വറൻസ് പദ്ധതി, കിസാൻ അഭിമാൻ പെൻഷൻ പദ്ധതി എന്നിവ ഏർപ്പെടുത്തി. കർഷക കടാശ്വാസത്തിന്റെ ആനുകൂല്യം 42113 കർഷകർക്ക് ലഭ്യമാക്കി. വിലക്കയറ്റത്തെ തടഞ്ഞുനിർത്താൻ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി. 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകാൻ നടപടി സ്വീകരിച്ചു. പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. ക്ഷീര കർഷകർക്ക് പെൻഷൻ ഏർപ്പെടുത്തി. 999

പഞ്ചായത്തിലും മൃഗാശുപത്രികൾ സ്ഥാപിച്ചു. എല്ലാവർക്കും പാർപ്പിടം എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി എം.എൻ. പാർപ്പിട പദ്ധതിയിലൂടേയും ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിലൂടേയും 146000 വീടുകൾ നിർമ്മിച്ചുനൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. 190.15 മെഗാ വാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പിച്ച് എല്ലാവർക്കും വെളിച്ചം എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വൈദ്യുതി ഉൽപാദനം വർദ്ധിപ്പിച്ച് പവർകട്ടും ലോഡ്ഷെഡിംഗും ഒഴിവാക്കാൻ കഴിയുമെന്ന പ്രഖ്യാപനം ശ്രദ്ധേയമാണ്. വ്യവസായ രംഗത്തുണ്ടാക്കിയ നേട്ടങ്ങളും അഭിനന്ദനാർഹമാണ്. സംസ്ഥാനത്ത് നിലവിലുള്ള 37 പൊതുമേഖലാ സ്ഥാപനങ്ങളിൽ 32 എണ്ണവും ലാഭത്തിലാക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സംസ്ഥാനത്ത് 545 കോടി രൂപയുടെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് എട്ട് പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞത് ശ്ലാഘനീയമാണ്. വ്യവസായസ്ഥാപനങ്ങളുടെ മാനേജുമെന്റിൽ തൊഴിലാളി പ്രാതിനിധ്യം ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചു. പരമ്പരാഗത വ്യവസായത്തെ പുനരുദ്ധരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. കശുവണ്ടി തൊഴിലാളികളുടെ കൂലിയും തൊഴിൽ ദിനങ്ങളും വർദ്ധിപ്പിക്കുകയും പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തു. പ്രഗൽഭമായ ധനകാര്യ മാനേജ്മെന്റാണ് സംസ്ഥാനത്ത് നിലവിലുള്ളത്.

<u>ശ്രീ. സി. ടി. അഹമ്മദ് അലി</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. സംസ്ഥാനത്തിനുവേണ്ടി ഒന്നും ചെയ്യാൻ കഴിയാത്തൊരു ഗവൺമെന്റാണ് നാല് വർഷമായി ഭരിച്ചുകൊണ്ടിരിക്കുന്നത്. മന്ത്രിസഭയിലെ ഭിന്നതയാണ്

കേരളത്തിൽ കാര്യക്ഷമതയോടുകൂടിയുള്ള ഭരണത്തിന് തടസ്സമായി നിൽക്കുന്നത്. വികസന കാര്യത്തിൽ കേരളം പിറകോട്ട് പോയിരിക്കുന്നു. സ്വകാര്യ നിക്ഷേപകരെ ആകർഷിക്കാൻ കഴിയുന്ന പദ്ധതികളൊന്നുമില്ല. സ്മാർട്ട്സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്ന കാര്യത്തിൽ ഇപ്പോഴും അനിശ്ചിതത്വം തുടരുകയാണ്. നിക്ഷേപത്തിന് ഏകജാലക സംവിധാനം ഏർപ്പെടുത്തിയതിലും വേണ്ടത്ര പുരോഗതി കൈവരിക്കാനായില്ല. കേരള സംസ്ഥാന സെസ്സ് നിയമത്തിലെ നിബന്ധനകൾ നിക്ഷേപകരെ സംസ്ഥാനത്തുനിന്ന് അകറ്റിനിറുത്തുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിൽ സംസ്ഥാനം വീഴ്ച വരുത്തിയിരിക്കുകയാണ്. പകൽക്കൊള്ളയും കവർച്ചയും സംസ്ഥാനത്ത് വർദ്ധിച്ചിരിക്കുന്നതോടൊപ്പം പോലീസ് സ്റ്റേഷനുകളിൽ അരക്ഷിതാവസ്ഥ നിലനിൽക്കുകയുമാണ്. ധനകാര്യ വകുപ്പിന്റെ പിടിപ്പുകേടാണ് റോഡ് വികസനത്തിന് തടസ്സമായി നിൽക്കുന്നത്. സർക്കാർ ഇനിയും തെറ്റ് തിരുത്താൻ തയ്യാറായില്ലെങ്കിൽ ശക്തമായ തിരിച്ചടികൾ നേരിടേണ്ടിവരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. 2009 ഡിസംബർ മാസം വരെയുള്ള കണക്കനുസരിച്ച് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുകയിൽ 1976 കോടി രൂപ ചെലവഴിച്ചിട്ടില്ല. സംസ്ഥാനത്ത് തൊഴിലില്ലായ്മ വർദ്ധിച്ചിരിക്കുന്നു. വിലക്കയറ്റംമൂലം ജനങ്ങൾ കഷ്ടപ്പെടുകയുമാണ്. സ്ത്രീകൾക്ക് നേരെയുള്ള ആക്രമണം, കുറ്റകൃത്യങ്ങൾ, ആത്മഹത്യ, വാഹനാപകടങ്ങൾ എന്നിവ സംസ്ഥാനത്ത് വർദ്ധിച്ചു വരികയാണ്. എല്ലാ മതവിഭാഗങ്ങൾക്കും അവരവരുടെ വിശ്വാസാചാരമനുസരിച്ച് വിദ്യാഭ്യാസം നടത്താനുള്ള സാഹചര്യം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉണ്ടാക്കണം. വിദഗ്ദ്ധ സമിതികൾ പരിശോധിച്ച് അംഗീകരിച്ച പാഠപുസ്തകങ്ങൾ മാത്രമേ വിദ്യാഭ്യാസ

സ്ഥാപനങ്ങളിൽ അനുവദിക്കാൻ പാടുള്ളൂ. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഐ.റ്റി. രംഗത്ത് കേരളം വളരെ പിന്നിലാണ്. കേന്ദ്ര സർക്കാരിന്റെ ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ദിവസ വേതനം 125 രൂപ നൽകാൻ കേന്ദ്രം അനുമതി നൽകിയിട്ടും പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ പുരോഗതി ഉണ്ടായിട്ടില്ല. പരസ്യ പ്രചരണങ്ങൾക്കായി ഖജനാവിൽ നിന്നുള്ള പണം  ഉപയോഗിക്കുന്നത് നീതികരിക്കാവുന്നതല്ല. വിഷൻ 2010 നടപ്പിലാക്കുന്ന കാര്യത്തിലും ഈ സർക്കാർ പരാജയപ്പെട്ടു. കാസർഗോഡ് മുസ്ലീംലീഗ് നേതാക്കൾക്ക് നൽകിയ സ്വീകരണ സമ്മേളനത്തി ലുണ്ടായ വെടിവയ്പ്പിനെക്കുറിച്ച് അന്വേഷിക്കുകയോ മരിച്ചവരുടെ ആശ്രിതർക്ക് സഹായം നൽകുകയോ ചെയ്തിട്ടില്ല. മുസ്ലീം-ക്രൈസ്തവ വർഗ്ഗീയത വർദ്ധിച്ചുവെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന ഖേദകരമാണ്.

ശ്രീ. വി.എൻ. വാസവൻ: ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു. ഉൽപാദന-സേവന മേഖലകളിലും പശ്ചാത്തല വികസനത്തിലും കേരളം മുന്നോട്ടു പോകുകയാണ്. തരിശ് ഭൂമി കൃഷിയോഗ്യമാക്കുകയും കാർഷിക മേഖലയിൽ പുരോഗതി കൈവരിക്കുകയും ചെയ്തു. 32 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ കഴിഞ്ഞു. പശ്ചാത്തല വികസന സൗകര്യ ങ്ങൾക്കുവേണ്ടി 5000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി. ആരോഗ്യ പരിപാലനം, വൈദ്യുതി, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുകയുണ്ടായി. പാലക്കാട് ജില്ല സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയായി പ്രഖ്യാപിച്ചു. 28 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുകയും 17 ലക്ഷ ത്തിൽപ്പരം പുതിയ വൈദ്യുത കണക്ഷനുകൾ നൽകുകയും ചെയ്തു.

ക്രമസമാധാനില ഭദ്രമാക്കാൻ കഴിഞ്ഞു. പകർച്ചപനി നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചു. ടൂറിസം രംഗത്ത് പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. പൊതുവിതരണ ശൃംഖലകൾ ശക്തിപ്പെടുത്തി വിലക്കയറ്റം തടയാൻ നടപടി സ്വീകരിച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ജനക്ഷേമകരമായിട്ടുള്ള പ്രവർത്തനങ്ങളുമായിട്ടാണ് മുന്നോട്ടു പോകുന്നത്. മികച്ച ധനകാര്യ മാനേജുമെന്റിലൂടെ പൊതുകടം കുറയ്ക്കാനും നികുതി വരുമാനം വർദ്ധിപ്പിക്കാനും റവന്യു കമ്മി കുറയ്ക്കാനും സാമ്പത്തിക രംഗത്ത് വൻതോതിലുള്ള മുന്നേറ്റമുണ്ടാക്കാനും സാധിച്ചിട്ടുണ്ട്. ഒരു ദിവസംപോലും ട്രഷറി പൂട്ടാനിടയായ സാഹചര്യമുണ്ടാകാതിരുന്നത് അഭിമാനകരമാണ്.

<u>ശ്രീ. കെ.പി. മോഹനൻ</u> : ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടതുമൂലം താഴെത്തട്ടിലുള്ള ജനവിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ എത്തിക്കാൻ സാധിക്കുന്നില്ല. മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ കഴിയാത്ത സ്ഥിതിയാണുണ്ടായിട്ടുള്ളത്. സർക്കാർ പ്രഖ്യാപിക്കുന്ന നയങ്ങൾ നടപ്പാക്കാൻ കഴിയുന്നില്ല. വ്യവസായ നയം, വന നയം ഇവയിലൊക്കെ വൈരുദ്ധ്യങ്ങൾ നിലനിൽക്കുന്നു. എല്ലാ വകുപ്പിലും അഴിമതിയാണ് നടക്കുന്നത്. വിലക്കയറ്റം പിടിച്ചുനിർത്താൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ആരോഗ്യ രംഗത്ത് നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്നില്ല. ഡോക്ടർമാരെ സ്വകാര്യ പ്രാക്ടീസ് നടത്താൻ അനുവദിക്കണം. ദേശീയപാതയുടെ വികസനത്തിന് നടപടി സ്വീകരിക്കണം. ഗുണമേന്മയില്ലാത്ത സാധനങ്ങളാണ് മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്നത്. കേന്ദ്രത്തിൽ നിന്നും സബ്സിഡി നിരക്കിൽ ലഭിച്ച

ഭക്ഷ്യധാന്യങ്ങൾ ന്യായമായ വിലയ്ക്ക് പാവപ്പെട്ട ആളുകൾക്ക് ലഭ്യമാക്കുന്നില്ല. വിദ്യാർത്ഥികൾക്കുള്ള ഉച്ചക്കഞ്ഞിക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുകയിൽ 50 ശതമാനംപോലും വിനിയോഗിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അസംഘടിത ദുർബല വിഭാഗങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തി. മാച്ചിംഗ് ഗ്രാന്റ് കൊടുക്കാത്തതുമൂലം കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നില്ല. ഈ ഗവൺമെന്റ് വാഗ്ദാനങ്ങൾ നൽകി എല്ലാ ജനവിഭാഗങ്ങളെയും കബളിപ്പിക്കുകയാണ്. പൊതുവിദ്യാഭ്യാസ രംഗമാകെ വിവാദത്തിൽപ്പെട്ടിരിക്കുന്നു. ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള വിവേചനവും പട്ടയം വിതരണം നടത്തുന്നതിലുള്ള കാലതാമസവും അവസാനിപ്പിക്കണം. ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ വിഭജിച്ചു നൽകുന്നതു സംബന്ധിച്ച വാഗ്ദാനം നടപ്പിലാക്കണം. മലബാർ പാക്കേജിന്റെ ഭാഗമായി അനുവർത്തിച്ചുവരുന്ന പക്ഷപാതപരമായ നടപടികൾ അവസാനിപ്പിക്കണം.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ നാലു വർഷത്തെ ഭരണംകൊണ്ട് സമസ്ത മേഖലകളിലും ഉണർവ്വും ഉയർച്ചയും ഉണ്ടായിട്ടുണ്ട്. ഗവൺമെന്റിനെതിരെ ഒരു അഴിമതി ആരോപണംപോലും ഉന്നയിക്കാൻ പ്രതിപക്ഷത്തിന് അവസരം ലഭിക്കുന്നില്ല. ക്രമസമാധാന പരിപാലന രംഗത്ത് സംസ്ഥാനം വളരെ മുന്നിലാണ്. രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന തീവ്രവാദ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഈ ഗവൺമെന്റ്

ചെയ്ത നല്ല കാര്യങ്ങൾ ഒന്നും കാണാതെ പ്രതിപക്ഷം ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്.

<u>ശ്രീ. എ.എം. ആരിഫ്:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. അഴിമതി രഹിത ഭരണമാണ് ഈ സർക്കാർ കാഴ്ചവച്ചതെന്ന് കഴിഞ്ഞ 4 വർഷക്കാലത്തെ ഭരണം പരിശോധിച്ചാൽ മനസ്സിലാകും. ട്രഷറി സ്തംഭനം, വർഗ്ഗീയ കലാപം, കർഷക ആത്മഹത്യ എന്നിവ ഇല്ലാതാക്കാനും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാനും കഴിഞ്ഞു. 5 ലക്ഷം വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയും. പൊതുജനാരോഗ്യരംഗത്ത് വളർച്ചയും പുരോഗതിയും കൈവരിക്കാനും പൊതുവിദ്യാഭ്യാസ രംഗത്ത് ആവശ്യമായ മാറ്റങ്ങൾ വരുത്താനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന മന്ത്രിമാർക്ക് കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുള്ള അവാർഡുകൾ ഈ ഗവൺമെന്റിന്റെ ഭരണനേട്ടത്തെയാണ് സൂചിപ്പിക്കുന്നത്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്-ന് വൻഭൂരിപക്ഷം ലഭിച്ചിരുന്ന മണ്ഡലങ്ങളിൽ ഉപതെരഞ്ഞെടുപ്പ് വന്നപ്പോൾ വിജയശതമാനം കുറയുകയും ജനപിന്തുണ നഷ്ടപ്പെട്ടതായുമാണ് കാണാൻ കഴിഞ്ഞത്. പ്രകടന പത്രികയിൽ പറഞ്ഞിരുന്ന യാതൊരു കാര്യങ്ങളും നടപ്പാക്കാൻ യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടില്ല. 15000 ഹെക്ടർ തരിശു ഭൂമി കൃഷി യോഗ്യമാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇനിയും 20000 ഹെക്ടർകൂടി കൃഷിചെയ്യാൻ പോവുകയാണ്. പലിശരഹിത വായ്പ നടപ്പിലാക്കാൻ കഴിഞ്ഞു. ക്ഷേമപെൻഷനുകളുടെ കുടിശ്ശിക കൊടുത്തു തീർത്തത് ഈ ഗവൺമെന്റാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ

ഭരണകാലത്ത് കമ്മിഷൻ ചെയ്യുമെന്നുപറഞ്ഞ കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതി കഴിഞ്ഞ മാസം മാത്രമാണ് കമ്മിഷൻ ചെയ്തത്. കേന്ദ്രഗവണ്മെന്റി നുപോലും അഭിമാനം തോന്നിപ്പിക്കുന്ന വിധത്തിൽ ജനോപകാരപ്രദമായ പദ്ധതികൾ നടപ്പാക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. പരസ്യമായ അഭിപ്രായവ്യത്യാസങ്ങളാൽ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട ഒരു ഗവൺമെന്റാണ് കേരളത്തിൽ ഇന്നുള്ളത്. പ്രവാസി മലയാളികൾക്കുവേണ്ടി പ്രഖ്യാപിച്ച 100 കോടി രൂപയുടെ പാക്കേജ് അവരുടെ പ്രശ്നപരിഹാരത്തിന് അപര്യാപ്തമാണ്. സ്മാർട്ട് സിറ്റി നടപ്പിലാക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ സർക്കാർ തുടങ്ങിവച്ച പദ്ധതികളും കേന്ദ്രാവിഷ്ക്കൃത പദ്ധതികളും മാത്രമാണ് എൽ.ഡി.എഫ്. സർക്കാർ പൂർത്തിയാക്കിയത്. എല്ലാ നിലയിലും ജനദ്രോഹപരമായ ഭരണമാണ് എൽ.ഡി.എഫ് സർക്കാർ നടത്തിക്കൊണ്ടിരി ക്കുന്നത്. ജനാധിപത്യ മര്യാദകൾ ലംഘിച്ചുകൊണ്ടാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് നടത്താൻ പോകുന്നത്. ഈ സർക്കാരിന്റേ തെന്ന് അവകാശപ്പെടുന്ന സമ്പൂർണ്ണ വൈദ്യുതീകരണം യു.ഡി.എഫ്. ഭരണ കാലത്ത് തുടങ്ങിവച്ചതാണ്. യു.ഡി.എഫ്. ചെയ്ത കാര്യങ്ങളുടെ പേരിൽ ഇപ്പോൾ നേട്ടം കൊയ്യുക മാത്രമാണ് എൽ.ഡി.എഫ്. സർക്കാർ ചെയ്യുന്നത്.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u> : ധനാഭ്യർത്ഥനയെ അനുകൂലി ക്കുന്നു. നിരവധി ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞ നാലുവർഷംകൊണ്ട് ഈ ഗവണ്മെന്റിന് കഴിഞ്ഞു. സമ്പൂർണ്ണ വൈദ്യുതീക രണ പദ്ധതിയുടെ ഭാഗമായി കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ 2500 പട്ടികജാതി കുടുംബങ്ങളിൽ വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ദേശീയ പാത ആറുവരിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഭാവിയിൽ റോഡ് വികസനമുണ്ടാകണമെങ്കിൽ മീഡിയന്റെ മുകളിൽ പാരലൽ റോഡുണ്ടാകണം. നാഷണൽ ഹൈവേയ്ക്ക് സ്ഥലമെടുക്കുമ്പോൾ സ്ഥലവും വീടും നഷ്ടപ്പെടുന്നവർക്ക് ആനുപാതികമായ സാമ്പത്തിക സഹായവും പുനരധിവാസസൗകര്യവും നൽകാനാവാശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. കെ. രാജു : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കഴിഞ്ഞ നാല് വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണ് കേരളത്തിലുള്ളതെന്ന് കാണാൻ കഴിയും. മൂന്നാറിലെ ഭൂമി ഏറ്റെടുത്ത് ടൗൺഷിപ്പ് നിർമ്മിക്കുകയും വികസന പ്രവർത്തനങ്ങൾ നടത്തു കയും ചെയ്യുന്നതിനെ പ്രതിപക്ഷം എതിർക്കുന്നത് ശരിയല്ല. പാവപ്പെട്ടവർക്ക് വീട് വച്ചുകൊടുക്കുകയും സൗജന്യമായി അരി നൽകുകയും ചെയ്യുന്നതടക്കം നിരവധി ക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്ന ഗവൺമെന്റിനെ അഭിനന്ദിക്കുന്നു.

ശ്രീ. പി. ജയരാജൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ ജനങ്ങൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. കേന്ദ്ര ഗവൺമെന്റ് പെട്രോളിന്റേയും ഡീസലിന്റേയും പാചക വാതകത്തിന്റേയും വില വർദ്ധിപ്പി ച്ചതുകാരണം നിത്യോപയോഗ സാധനങ്ങളുടെ വില ഇനിയും വർദ്ധിക്കാൻ പോവുകയാണ്. വിലക്കയറ്റത്തിനെതിരെ പ്രക്ഷോഭം നടത്തുന്നതിനെ എതിർക്കാനാണ് മാധ്യമങ്ങൾ പോലും ശ്രമിക്കുന്നത്. കഴിഞ്ഞ ഒരു വർഷ ത്തിനുള്ളിൽ നടന്നിട്ടുള്ള വിലക്കയറ്റത്തെയും അഴിമതികളെയും കുറിച്ച്

അന്വേഷിക്കാൻ കേന്ദ്ര സർക്കാരിന് കഴിഞ്ഞിട്ടില്ല. ജനങ്ങളിൽ നിന്ന് ഒറ്റപ്പെട്ടുകൊണ്ടിരിക്കുന്ന കേന്ദ്ര സർക്കാർ കഴിഞ്ഞ നാല് വർഷമായി ജനങ്ങളുടെ നേട്ടത്തിനായി പ്രയത്നിക്കുന്ന സംസ്ഥാന സർക്കാരിനെ കുറ്റം പറയുന്നത് ന്യായീകരിക്കാനാകില്ല. കേരളത്തിലെ എല്ലാ ജാതിമത പിന്തിരിപ്പൻ ശക്തികളും ഇന്ന് യു.ഡി.എഫ്-നെ അനുകൂലിക്കുകയാണ്. സംസ്ഥാനത്ത് മതനിരപേക്ഷതയ്ക്ക് ഭംഗം വന്നുകൊണ്ടിരിക്കുകയാണ്. മതമേലദ്ധ്യക്ഷൻമാർ അവരുടെ പരിധിക്കകത്ത് നിൽക്കാതെ രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടുന്നത് പ്രത്യാഘാതം സൃഷ്ടിക്കും. മതമേലദ്ധ്യക്ഷന്മാർ മതനിരപേക്ഷതയെത്തന്നെ വെല്ലുവിളിച്ചുകൊണ്ട് കേരളത്തിൽ വർഗ്ഗീയ പ്രവർത്തനം നടത്തുന്നതിനെക്കുറിച്ച് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ആലോചിക്കേണ്ടതുണ്ട്. മതനിരപേക്ഷതയ്ക്കുവേണ്ടിയുള്ള നിലപാടുകളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ എക്കാലവും സ്വീകരിച്ചിട്ടുള്ളത്. കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളെ അപേക്ഷിച്ച് താഴെത്തട്ടിലേയ്ക്ക് അധികാര വികേന്ദ്രീകരണം വിജയകരമായി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : ധനാഭ്യർത്ഥനയെ എതിർക്കുന്നു. കൂട്ടുത്തരവാദിത്തം നഷ്ടപ്പെട്ട ഒരു സർക്കാരാണ് ഈ സംസ്ഥാനം ഭരിക്കുന്നത്. വികസനത്തെക്കുറിച്ച് വ്യക്തമായ ധാരണകളോ വകുപ്പുകൾ തമ്മിലുള്ള ഏകോപനമോ കഴിഞ്ഞ നാല് വർഷമായി സംസ്ഥാനത്ത് ഇല്ലാതായിരിക്കുകയാണ്. മന്ത്രിസഭ അംഗീകരിക്കാത്ത നയപ്രഖ്യാപനം അവതരിപ്പിച്ചത് സർക്കാരിന്റെ കൂട്ടുത്തരവാദിത്തം നഷ്ടപ്പെട്ടതിന്റെ തെളിവാണ്. സംസ്ഥാന വ്യാപകമായി പടർന്നുപിടിച്ചിരിക്കുന്ന പനി നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുപകരം അതിനെ വളരെ

ലാഘവബുദ്ധിയോടുകൂടി കാണുകയും നിസ്സാരവൽക്കരിക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. ഇതിനോടകം നൂറുകണക്കിന് പേർക്ക് 'എച്ച്1 എൻ1' പനി ബാധിക്കുകയും നിരവധിപേർക്ക് മരണം സംഭവിച്ചുകൊണ്ടിരിക്കുക യുമാണ്. ഇതിന് ഒരു പരിഹാരം കാണാൻ സർക്കാർ തയ്യാറാകണം. ഈ അവസരത്തിൽ ജനങ്ങളോടൊപ്പംനിന്ന് പ്രവർത്തിച്ച് ജനങ്ങളോടുള്ള പ്രതിബദ്ധത നിറവേറ്റുന്നതിനുപകരം വിദേശ പര്യടനം നടത്തുന്ന ആരോഗ്യ വകുപ്പുമന്ത്രിയെ തിരിച്ചുവിളിക്കാൻ മുഖ്യമന്ത്രി തയ്യാറാകണം. പി.എസ്.സി അഡ്വൈസ് ചെയ്ത 40 ഡോക്ടർമാർക്ക് പോസ്റ്റിംഗ് ഓർഡർ നൽകാൻ കഴി ഞ്ഞിട്ടില്ല. ആരോഗ്യ വകുപ്പിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ നികത്താൻ നടപടി സ്വീകരിക്കണം. മുരിക്കന്റെകായൽ മിച്ചഭൂമി തട്ടിയെടുത്ത ഭൂമാഫിയകൾക്കെതിരെ നടപടിയെടുക്കാൻ ഈ സർക്കാരിന് സാധിച്ചില്ല. പ്രസ്തുത പ്രദേശത്തുള്ള ഭൂരഹിതരായ 217 കർഷകത്തൊഴിലാളി കൾക്ക് ആ ഭൂമി വിതരണം ചെയ്യുമെന്ന് പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടു വന്ന ആശ്രയ സ്കീം വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ ശ്രമിക്കുന്നില്ല. പാവപ്പെട്ടവർക്കുവേണ്ടിയുള്ള പല പദ്ധതികളും പ്രചരണ ത്തിൽ മാത്രം ഒതുങ്ങിനിൽക്കുകയാണ്. ബി.പി.എൽ. വിഭാഗത്തിലുള്ള വർക്കുവേണ്ടിയുള്ള റേഷൻ വിഹിതത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു വെട്ടിക്കുറവും വരുത്തിയിട്ടില്ല. ഒരു ഗവൺമെന്റിന്റെ കാര്യക്ഷമത എടുത്തു കാണിക്കേണ്ടത് ആ സർക്കാർ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളിലും പ്ലാൻ എക്സ്പെന്റിച്ചറിലുമാണ്. എന്നാൽ കേരളത്തിൽ കഴിഞ്ഞ നാല് വർഷ മായി പ്ലാൻ സൈസ് വർദ്ധിക്കുന്നുണ്ടെങ്കിലും പ്ലാൻ എക്സ്പെന്റിച്ചർ 78.22

ശതമാനം മാത്രമാണ് വന്നിട്ടുള്ളത്. പ്ലാൻ എക്സ്പെന്റിച്ചറിനുവേണ്ടി ബഡ്ജറ്റിൽ വകകൊള്ളിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കപ്പെടുന്നില്ല. തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 2008-09-ൽ 22 ദിവസം മാത്രമാണ് തൊഴിൽ നൽകാൻ കഴിഞ്ഞത്. ഈ പദ്ധതിക്കായി കേന്ദ്രത്തിൽനിന്നും ആയിരം കോടി രൂപ ധനസഹായം ലഭ്യമാകുമായിരുന്ന സാഹചര്യം നിലവി ലുള്ളപ്പോൾ വെറും 471 കോടി രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ. പഞ്ചായത്തുകളാണ് തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതെങ്കിലും സ്കീമുകൾ ആവിഷ്ക്കരിക്കേണ്ടത് സംസ്ഥാന ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റിനെതിരെ സമരം ചെയ്യുന്നതിനുപകരം കേന്ദ്ര സർക്കാർ നൽകുന്ന ധനസഹായം ശരിയാംവണ്ണം വിനിയോഗിക്കുന്നതിനെക്കുറിച്ച് ചിന്തിക്കണം. ദേശീയ ജലപാതയ്ക്കുവേണ്ടി പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അനുവദിച്ച അവാർഡ് തുകയായ 225 കോടി രൂപയിൽ 125 കോടി രൂപ നഷ്ടപ്പെടുത്തുകയും പ്രസ്തുത പദ്ധതികൾക്കുള്ള അഡ്മിനിസ്ട്രേറ്റീവ് ഓർഡർ ഇഷ്യു ചെയ്യുന്നതിലും ടെൻഡർ വിളിക്കുന്നതിലും കാലതാമസം വരുത്തുകയുമുണ്ടായി. കേന്ദ്രധനസഹായം ഇത്രയധികം ലഭിച്ച ഒരു കാലഘട്ടം മുമ്പുണ്ടായിട്ടില്ല. 'കേരള വിഷൻ 2010' നടപ്പിലാക്കുന്നതിൽ ഈ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ കർഷക ആത്മഹത്യകൾ കുറയ്ക്കുന്നതിനു സാധിച്ചു. കഴിഞ്ഞ നാലു വർഷക്കാലയളവിൽ കർഷക കടാശ്വാസ കമ്മീഷന് ഈ സർക്കാർ അനുവദിച്ചത് വെറും 38 കോടി രൂപ മാത്രമാണ്. കെട്ടിക്കിടക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി കർഷക കടാശ്വാസ കമ്മിഷ നിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കണം. ആസിയാൻ കരാർമൂലം

കാർഷിക വിളകൾക്ക് വിലയിടിയുമെന്ന പ്രചാരണമുണ്ടായിയെങ്കിലും നാളികേരമൊഴികെ മറ്റെല്ലാ വിളകൾക്കും ഇപ്പോൾ വില വർദ്ധനവ് ഉണ്ടായി ട്ടുണ്ട്. നാളികേര കർഷകരെ സംരക്ഷിക്കുന്നതിനുള്ള മുഴുവൻ ബാധ്യതയും കേന്ദ്രസർക്കാർ വഹിക്കണമെന്ന് പറയുന്നതോടൊപ്പം സംസ്ഥാന സർക്കാരും അവരെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ജുഡീഷ്യറിയോടുള്ള ഈ സർക്കാരിന്റെ സമീപനത്തിൽ മാറ്റം വരുത്തണം. സി.എം.എസ്. കോളേജിലും കേരളാ യൂണിവേഴ്സിറ്റിയിലും ഉണ്ടായ അക്രമ പ്രവർത്തനങ്ങൾക്കെതിരെ സർക്കാർ സ്വീകരിച്ച നിലപാട് തൃപ്തികരമല്ല. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജനങ്ങളെ കബളിപ്പിക്കുന്ന പരസ്യങ്ങൾ മാധ്യമങ്ങളിൽ നൽകുന്നത് ഒഴിവാക്കണം. കെ.എസ്.ടി.പി പദ്ധതിയിലും തലസ്ഥാന നഗര പദ്ധതിയിലും 206 കോടി രൂപയുടെ നഷ്ടമാണ് സംസ്ഥാന ത്തിന് ഉണ്ടായിരിക്കുന്നത്. ഹർത്താൽ നടത്തി ജനങ്ങളെ ദ്രോഹിക്കുന്ന നിലപാടിൽ നിന്ന് സർക്കാർ പിൻമാറണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u> : യു.പി.എ ഗവൺമെന്റിലെ മന്ത്രിമാരും കോൺഗ്രസ്സ് ഭരിക്കുന്ന മറ്റ് സംസ്ഥാന ഗവൺമെന്റുകളും വാർഷിക പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ള പരസ്യങ്ങളുടെ ഒരു ശതമാനം പോലും കേരള ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ചുള്ള പരസ്യം വരികയില്ല. യു.പി.എ ഗവൺമെന്റ് പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധിപ്പിച്ചതിനെക്കുറിച്ച് പ്രതിപക്ഷം പരാമർശിക്കാത്തത് ശരിയായില്ല. ഭോപ്പാൽ ദുരന്തത്തിന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച നിലപാട് ഭോപ്പാൽ ദുരന്തത്തിന് കാരണക്കാരായവർക്ക് അനുകൂലമായിട്ടു ള്ളതാണ്. വിലക്കയറ്റം പിടിച്ചുനിർത്താൻ വേണ്ടി അരിയും ഗോതമ്പും

സൂക്ഷിച്ചിരുന്ന ഗോഡൗണുകൾ സ്വകാര്യ കുത്തകകൾക്ക് കൊടുക്കുകയും അവർക്ക് വിലനിയന്ത്രണം പൂർണ്ണമായും കൈകാര്യം ചെയ്യുന്നതിനുള്ള അനുവാദം കൊടുക്കുകയും ചെയ്തിരിക്കുകയാണ്. ജനങ്ങളെ എല്ലാ അർത്ഥ ത്തിലും ദുരിതത്തിലേയ്ക്ക് തള്ളിവിടുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ആണവ ഉടമ്പടി കരാറിന്റെ കാര്യത്തിൽ രാജ്യത്തിന് അപമാനകരമായിട്ടുള്ള സമീപന മാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. 35 ലക്ഷം ദരിദ്രകുടുംബങ്ങൾക്ക് രണ്ടു രൂപയ്ക്ക് അരി, സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, പാർപ്പിട പദ്ധതി, സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി എന്നിവ ഈ ഗവൺമെന്റിന്റെ സാധാരണക്കാരായ ജനങ്ങളോടുള്ള പ്രതിബദ്ധതയെയാണ് കാണിക്കുന്നത്. ഈ ഗവൺമെന്റ് കർഷക ആത്മഹത്യ ഇല്ലാതാക്കുകയും നെല്ലിന്റെ സംഭരണ വില 12 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തു. അടഞ്ഞുകിടന്ന ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും നെൽകൃഷി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്ന തിനും നടപടി സ്വീകരിച്ചു. കേരളത്തിന്റെ നയവും കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നയം പിന്തുടരുന്ന സംസ്ഥാനങ്ങളുടെ നയവും തമ്മിലുള്ള വ്യത്യാസം വിസ്മരിച്ചുകൊണ്ട് സർക്കാരിനെ അപഹസിക്കുന്ന സമീപന മാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവ് കാരണം സാധാരണക്കാർ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. തെറ്റായ കേന്ദ്രനയത്തിനെതിരെ ചിന്തിക്കാൻ പ്രതിപക്ഷം തയ്യാറാകണം. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥന 34 നെതിരെ 78 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.55-ന് പിരിഞ്ഞു.

..................................